LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിൽ ത്രീഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിലാണ് സിംഗിൾ ഫേസോ ത്രീ ഫേസോ എന്ന് നിശ്ചയിക്കുന്നത്. ലോഡുകൂടുതലാണെങ്കിൽ ത്രീഫേസ് ഏർപ്പെടുത്താവുന്നതാണ്.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ വൈദ്യുതി വകുപ്പുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജി-നാല് സെക്ഷനിലെ ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം**

**22 (2024)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരെ അത്യാവശ്യ ജോലിക്കായി താല്ക്കാലികമായി നിയോഗിക്കുന്നത് കാരണം അടിയന്തര ഫയലുകൾ തീർപ്പു കൽപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജി-നാല് സെക്ഷനിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജീവനക്കാരെ നിയമിച്ചു ; എത്ര പേരെ സ്ഥലംമാറ്റി എന്ന് വെളിപ്പെടുത്തുമോ ;

(സി) തുടരെ ഉള്ള സ്ഥലംമാറ്റംമൂലവും ജീവനക്കാരെ മറ്റ് അത്യാവശ്യ ജോലിക്ക് താൽക്കാലികമായി നിയോഗിക്കുന്നതിനാലും ജി-നാല് സെക്ഷനിലെ ഫയലുകൾ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി4 വിഭാഗത്തിൽ കഴിഞ്ഞ 3 വർഷത്തിനിടെ 3 ജീവനക്കാരെ നിയമിച്ചിരുന്നു. ഇതിൽ ഒരാൾ ഡെപ്യൂട്ടേഷനിൽ പോകുകയും മറ്റൊരാൾ സ്ഥലംമാറ്റം വാങ്ങി സ്വന്തം ജില്ലയിലേക്ക് പോകുകയും ചെയ്തു.

(സി) വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളായതിനാൽ റൊട്ടേഷൻ പ്രകാരം മറ്റു ജില്ലകളിൽ നിന്നുള്ളവരാണ് നിയമിക്കപ്പെടുന്നത്. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് മുൻഗണനയുണ്ട്. അതിനാൽ ഇങ്ങനെ നിയമിക്കപ്പെടുന്നവരെല്ലാം തന്നെ ജോലിയിൽ പ്രവേശിച്ചയുടൻ തന്നെ സ്ഥലംമാറ്റത്തിനു അപേക്ഷിക്കുകയും സ്ഥലംമാറ്റം വാങ്ങി പോകുകയും ചെയ്യുന്നു. ഇത് ചില ഘട്ടങ്ങളിൽ ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച കണേഷുമാരി പ്രവർത്തനങ്ങൾ**

23 (2025) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച കണേഷുമാരി പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിവരങ്ങൾ എന്തൊക്കെ കാര്യങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇതിനായി എന്തു തുക ചെലവായി ; ഏത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും ദേശീയ പരിപാടിയുടെ ഭാഗമായാണോ പ്രസ്തുത വിവര ശേഖരണം നടത്തിയതെന്ന് വിശദമാക്കുമോ ; എങ്കിൽ എത്രത്തോളം കേന്ദ്രസഹായം ലഭിച്ചു ;

(ഇ) പ്രസ്തുത പരിപാടിക്ക് സ്പോൺസർമാർ ഉണ്ടായിരുന്നോ ; വിശദമാക്കുമോ ;

(എഫ്) ഇതു മുഖേന ശേഖരിച്ച വിവരങ്ങൾ ബഹുരാഷ്ട്ര ബിസിനസ് സ്ഥാപനങ്ങൾ അവരുടെ ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യം അറിവുണ്ടോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കരുനാഗപ്പള്ളി പുത്തൻതെരുവ് അൽസെയ്ത് എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ്**

24 (2026) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി പുത്തൻതെരുവ് അൽസെയ്ത് എൽ.പി.സ്കൂളിന്റെ മാനേജ്മെന്റ് ഇപ്പോൾ ആരുടെ പേരിലാണുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly